## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.3653** **11/11/2019-ൽ മറുപടിയ്ക്ക്**

### കേരള ശാസ്ത്ര-സാങ്കേതികശാസ്ത്ര പരിസ്ഥിതി കൗൺസിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.പി.ടി.എ.റഹിം<br>ശ്രീ.യു.ആർ.പ്രദീപ്<br>ശ്രീ.സി.കെ.ഹരീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ശാസ്ത്ര-സാങ്കേതികശാസ്ത്ര മേഖലയുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ശാസ്ത്ര, സാങ്കേതിക മേഖലയുടെ സമഗ്ര വികസനത്തിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ അനുബന്ധം എ - യിൽ കണ്ടാലും. |
| (ബി) | പൊതുജനങ്ങളിൽ ശാസ്ത്രാവബോധവും ശാസ്ത്രാഭിരുചിയും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പ്രചാരണ പരിപാടികളാണ് സംഘടിപ്പിച്ചു വരുന്നത് ; | (ബി) | പൊതുജനങ്ങളിൽ ശാസ്ത്രാവബോധവും ശാസ്ത്രാഭിരുചിയും വർദ്ധിപ്പിക്കുന്നതിനായി സംഘടിപ്പിച്ചുവരുന്ന പ്രചാരണ പരിപാടികൾ അനുബന്ധം ബി-യിൽ കണ്ടാലും. |
| (സി) | വിദ്യാർത്ഥികളിൽ ശാസ്ത്രവൈഭവം വർദ്ധിപ്പിക്കുന്നതിനായി സ്കൂളുകൾ മുഖേന നടപ്പാക്കി വരുന്ന ശാസ്ത്ര പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | വിദ്യാർത്ഥികളിൽ ശാസ്ത്രവൈഭവം വർദ്ധിപ്പിക്കുന്നതിനായി സ്കൂളുകൾ മുഖേന നടപ്പാക്കി വരുന്ന ശാസ്ത്ര പ്രവർത്തനങ്ങൾ അനുബന്ധം സി-യിൽ കണ്ടാലും. |
| (ഡി) | സംസ്ഥാനത്ത് ശാസ്ത്ര-സാങ്കേതികശാസ്ത്ര രംഗത്ത് നൂതന ആശയങ്ങൾക്ക് രൂപം കൊടുക്കുന്നതിനും ഗവേഷണസംവിധാനം ഏർപ്പെടുത്തുന്നതിനും കേരള ശാസ്ത്ര, സാങ്കേതികശാസ്ത്ര പരിസ്ഥിതി കൗൺസിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് ശാസ്ത്ര-സാങ്കേതിക രംഗത്ത് നൂതന ആശയങ്ങൾക്ക് രൂപം കൊടുക്കുന്നതിനും ഗവേഷണ സംവിധാനം ഏർപ്പെടുത്തുന്നതിനും കേരള സംസ്ഥാന ശാസ്ത്ര, സാങ്കേതിക പരിസ്ഥിതി കൗൺസിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ അനുബന്ധം ഡി-യിൽ കണ്ടാലും. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം A

**കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും അനുബന്ധ ഗവേഷണ വികസന സ്ഥാപനങ്ങളും ശാസ്ത്ര സാങ്കേതിക മേഖലയുടെ സമഗ്രവികസനത്തിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ**

1. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ചുവടെ ചേർക്കുന്ന പദ്ധതികളും പരിപാടികളും നേരിട്ട് നടപ്പാക്കുന്നു.

   a. ശാസ്ത്ര സാങ്കേതിക മേഖലയിലെ മാനവശേഷി വികസനം

   b. ആവാസ വ്യവസ്ഥ, പരിസ്ഥിതി പരിപാടികൾ

   c. ശാസ്ത്ര പ്രചാരണ പരിപാടി

   d. ശാസ്ത്ര സാങ്കേതിക മേഖലയിലെ പശ്ചാത്തല സൗകര്യ വികസനം

   e. സാങ്കേതിക വികസനവും കൈമാറ്റവും

   f. ശാസ്ത്ര സാങ്കേതിക മേഖലയിലെ സ്ത്രീ ശാക്തീകരണം.

2. ജൈവ സാങ്കേതിക വിദ്യവികസന പരിപാടികൾ എന്ന പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന പദ്ധതികളും പരിപാടികളും നടപ്പാക്കുന്നു.

   a. ജൈവ സാങ്കേതിക രംഗത്തെ യുവ നിക്ഷേപകർക്കായുള്ള പരിപാടി (YIPB)

   b. വ്യാവസായിക അനുബന്ധ ജൈവ സാങ്കേതിക ഗവേഷണ പദ്ധതി (IBRS )

   c. ജൈവ സാങ്കേതിക രംഗത്തെ റീ-എൻട്രി ഫെല്ലോഷിപ്പ് (K BiREF)

   d. ജൈവ സാങ്കേതിക പരിശീലനവും ശിൽപശാലയും (BTW)/ജൈവ സാങ്കേതിക രംഗത്തെ യുവ സംരംഭകർക്കായുള്ള പുരസ്കാരം (BYEA)

   e. പ്രാദേശിക വികസനത്തിനായുള്ള നൂതന ജൈവ സാങ്കേതിക വിദ്യകൾ (BIRD)

   f. മുഖ്യമന്ത്രിയുടെ കരിയർ അഡ്വാൻസ്മെന്റ് പരിപാടി (CAB)

3. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രത്യേക പരിപാടികൾ എന്ന പദ്ധതിയുടെ കീഴിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കുന്നു.

   a. കേരള സംസ്ഥാന അസിസ്റ്റീവ് ടെക്നോളജി കേന്ദ്രം (KSCAT)

   b. എ.പി.ജെ അബ്ദുൾകലാം യൂത്ത് ചലഞ്ച് പദ്ധതി

   c. സെന്റർ ഫോർ അനാലിറ്റിക്കൽ ഇൻസ്ട്രുമെന്റേഷൻ - കേരള (CAI -K )

   d. ഫുഡ് ടെക്നോളജി ഡെവലപ്മെന്റ് ആന്റ് ടെസ്റ്റിംഗ് ഫെസിലിറ്റി

4. കരമന നദിയുടെ ശാസ്ത്രീയ പരിപാലന പദ്ധതി

5. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി

6. ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്ക് സർക്കാരിൽ നിന്ന് നൽകുന്ന ധനസഹായം എന്ന പദ്ധതിയുടെ കീഴിൽ ചുവടെചേർക്കുന്ന സ്ഥാപനങ്ങൾക്ക് സഹായധനം നൽകി പരിപാടികൾ നടപ്പിലാക്കുന്നു.

a. സോഫിസ്റ്റിക്കേറ്റഡ് ടെസ്റ്റ് ആന്റ് ഇൻസ്ട്രുമെന്റേഷൻ സെന്റർ (STIC)

b. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC )

c. എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ - കമ്മ്യൂണിറ്റി അഗ്രോ ബയോഡൈവേഴ്സിറ്റി സെന്റർ

## അനുബന്ധം B

**പൊതുജനങ്ങളിൽ ശാസ്ത്രാവബോധവും ശാസ്ത്രാഭിരുചിയും വർദ്ധിപ്പിക്കുന്നതിനായി സംഘടിപ്പിച്ചുവരുന്ന പ്രചാരണ പരിപാടികൾ**

1. സ്ത്രീകളുടെ ദൈനംദിന ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന മുഖ്യവിഷയത്തിലും പലവിധ ശാസ്ത്ര വിഷയങ്ങളെ ആസ്പദമാക്കിയും, 100 വനിതകൾക്ക് പങ്കെടുക്കാവുന്ന ഏകദിന ബോധവൽക്കരണ പരിപാടി

2. സയൻസ് പോപ്പുലറൈസേഷൻ പ്രോഗ്രാം
3. സെമിനാർ സിംപോസിയ വർക്ക്ഷോപ്പ് സഹായ പദ്ധതി
4. ദേശീയ സാങ്കേതിക ദിനാഘോഷ സഹായ പദ്ധതി
5. ലോക തണ്ണീർത്തട ദിനാഘോഷ സഹായ പദ്ധതി
6. ഫെബ്രുവരി 28 ന് ദേശീയ ശാസ്ത്ര ദിനാചരണവും ആയതുമായി ബന്ധപ്പെട്ട് കേരളത്തിലുടനീളം സെമിനാറുകൾ, സിമ്പോസിയ, പ്രവർത്തി പരിചയ മേള, ചിത്രരചന മത്സരം, പ്രബന്ധ രചന മത്സരം
7. ജലവിഭവ വികസന വിനിയോഗ കേന്ദ്രം മുഖേന ജലസംരക്ഷണവും ശാസ്ത്രീയ ജലവിനിയോഗം തുടങ്ങിയ വിഷയങ്ങളിൽ പൊതുജനങ്ങളും കൃഷിക്കാരും പങ്കെടുക്കുന്ന സെമിനാർ/കോൺഫറൻസുകൾ
8. ലോക ജലദിനാചരണം
9. ലോക പരിസ്ഥിതിദിനാചരണം
10. ജല പൈതൃക മ്യൂസിയത്തിൽ ജലസംരക്ഷണത്തിന്റെ വിവിധ മാതൃകകളുടെ പ്രദർശനം.
11. ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിലെ ലബോറട്ടറിയിലും സഞ്ചരിക്കുന്ന ലാബിലും ജലത്തിന്റെ ഗുണനിലവാര പരിശോധന
12 കർഷകർക്ക് വിവിധ വിളകളുടെ കാർഷിക ജലവിനിയോഗത്തിൽ പരിശീലന പരിപാടികൾ
13. കേരള വനഗവേഷണ സ്ഥാപനം മുഖേന മുളയുമായി ബന്ധപ്പെട്ടിട്ടുള്ള സാങ്കേതിക വിദ്യകൾ, ഔഷധ സസ്യകൃഷി, ആഫ്രിക്കൻ ഒച്ചിന്റെ നിർമാർജ്ജനം എന്നീ വിഷയങ്ങളിൽ പൊതു ജനങ്ങൾക്കായി പരിശീലന ശിൽപ്പശാലകൾ

## അനുബന്ധം C

## വിദ്യാർത്ഥികളിൽ ശാസ്ത്രവൈഭവം വർദ്ധിപ്പിക്കുന്നതിനായി സ്കൂളുകൾ മുഖേന നടപ്പാക്കി വരുന്ന ശാസ്ത്ര പ്രവർത്തനങ്ങൾ

1. വിദ്യാർത്ഥികളിൽ ശാസ്ത്ര അവബോധവും പ്രത്യേകിച്ച് അടിസ്ഥാന ശാസ്ത്ര വിഷയങ്ങൾക്ക് പ്രാമുഖ്യവും നൽകുന്നതിനായി പ്രതിഭാ സ്കോളർഷിപ്പ് പദ്ധതിയും സ്പീഡ് സയൻസ് ക്യാമ്പുകളും

2. സംസ്ഥാന പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 18 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ശാസ്ത്ര ബോധം വളർത്തുന്നതിനും ശാസ്ത്രാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്ര പഠനത്തിനുള്ള കഴിവുകൾ കണ്ടെത്തി അവരെ പ്രതിഭകളാക്കുക എന്ന ലക്ഷ്യത്തോടെയും സംസ്ഥാനത്തെ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെയുള്ള ശാസ്ത്രബോധിനി എം.ആർ.എസ്. സ്കീം

3. കുട്ടികളെ ശാസ്ത്രീയമായ രീതിയിൽ പ്രബന്ധങ്ങൾ തയ്യാറാക്കുവാൻ പ്രാപ്തരാക്കുന്നതിനും, അവരുടെ ഗവേഷണാഭിരുചി വളർത്തുന്നതിനും, ശാസ്ത്ര വൈഭവം വർദ്ധിപ്പിക്കുന്നതിനും, 10 മുതൽ 17 വയസ്സുവരെയുള്ള കുട്ടികൾക്ക് അവരുടെ ശാസ്ത്ര പരീക്ഷണ-നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിനുള്ള വേദിയായ ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സ്.

4. വിദ്യാർത്ഥികളിൽ ശാസ്ത്ര വൈഭവം വർദ്ധിപ്പിക്കുന്നതിനായി സ്കൂളുകൾ മുഖേന ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

a. ശാസ്ത്ര പോഷിണി സ്കീം : ഹൈസ്കൂൾ തലത്തിൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതി നായുള്ള പദ്ധതി.

b. സ്കീം ഫോർ പ്രോമോട്ടിംഗ് യങ് ടാലന്റ്സ് ഇൻ സയൻസ് (SPYTiS) : VIII-XII വരെയുള്ള ക്ലാസ്സുകളിലെ സ്കൂൾ കുട്ടികൾക്കും പോളി ടെക്നിക് ബിരുദ വിദ്യാർത്ഥികൾക്കും നവീനമായ സയൻസ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

c. നാഷണൽ സയൻസ് ഡേ ആചരണം: ശാസ്ത്ര അവബോധം വർദ്ധിപ്പിക്കാനായി എല്ലാ വർഷവും സെമിനാറുകൾ, ചർച്ചകൾ മുതലായവ സംഘടിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അംഗീകൃത NGOs നും ധനസഹായം നൽകി വരുന്നു.

d. ക്രാഫ്റ്റിംഗ് യങ് സയന്റിസ്റ്റ് ഓഫ് ടുമോറോ (CRYSTAL): സ്കൂൾ കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുകയും അവരുടെ താൽപര്യമുള്ള മേഖല തിരിച്ചറിഞ്ഞ് തുടർ പഠനത്തിനുള്ള മാർഗ്ഗനിർദ്ദേശവും പ്രോത്സാഹനവും നൽകുന്ന പദ്ധതി.

e. സയൻസ് എഡ്യൂക്കേഷൻ സെന്റർ: ക്ലാസ് റൂം പഠനത്തിനു പുറമേ കുട്ടികൾക്ക് അവരുടെ ശാസ്ത്രാഭിരുചി തിരിച്ചറിയാനും പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പഠനം രസകരമാക്കുന്നതിനും വേണ്ട പദ്ധതികൾ നടപ്പിലാക്കുന്ന

സ്കീം. എല്ലാ വർഷവും കേരളത്തിലെ വിവിധ ശാസ്ത്ര സ്ഥാപനങ്ങളുമായി ചേർന്ന് കുട്ടികൾക്കായി സയൻസ് ഓറിയന്റേഷൻ ക്ലാസ്സുകൾ ശാസ്ത്ര സമീക്ഷ എന്ന പേരിൽ സംഘടിപ്പിക്കുന്നു.

f. ഗ്ലോബൽ ലേണിംഗ് ആന്റ് ഒബ്സർവേഷൻസ് ടു ബനിഫിറ്റ് ദ എൻവയോൺമെന്റ് (GLOBE): സ്കൂൾ വിദ്യാർത്ഥികൾക്ക് ശാസ്ത്ര വൈഭവം വർദ്ധിപ്പിക്കാനായി കേന്ദ്ര ഗവൺമെൻറ് സാമ്പത്തിക സഹായത്തോടുകൂടി പദ്ധതി നടപ്പാക്കി വരുന്നു. പാരിസ്ഥിതിക ശാസ്ത്ര വൈഭവവും അവബോധവും വളർത്തിയെടുക്കാനായി പരിസ്ഥിതി ക്ലബുകളിലൂടെ വിദ്യാർത്ഥികൾക്ക് അവസരം നൽകി വരുന്നു.

5. സ്കൂളുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉള്ള സയൻസ്/ഇക്കോ ക്ലബുകളുമായി സഹകരിച്ചുള്ള ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെ ലബോറട്ടറി സന്ദർശനം.

6. ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെ കോഴിക്കോടും സമീപ ജില്ലകളിലുള്ള ബീച്ച് ക്ലീനിങ് പ്രോഗ്രാം

7. ജലവിഭവ വികസന വിനിയോഗ കേന്ദ്രം സന്ദർശിക്കുന്നതിനും ശാസ്ത്രജ്ഞരുമായി മുഖാമുഖം സംവദിക്കുന്നതിനുമായി ജല ദർശൻ പോലുള്ള ഓപ്പൺ ഹൗസ് പ്രോഗ്രാമുകൾ

8. ജല പൈതൃക മ്യൂസിയം സന്ദർശിക്കുന്നതിനും, പ്രകൃതിവിഭവ സംരക്ഷണ മാതൃകകൾ മനസിലാക്കുന്നതിനുള്ള അവസരങ്ങൾ.

9. ചെറിയ കുട്ടികൾക്ക് പ്രകൃതിയെ കുറിച്ചുള്ള ഏതു സംശയം ചോദിക്കുവാനും ശാസ്ത്രീയമായ ഉത്തരം നേടുവാനും സഹായിക്കുന്ന First Question എന്ന സംവിധാനം

10. സംസ്ഥാനത്തെ 70 സ്കൂളുകളിൽ ചിത്രശലഭോദ്യാനം നിർമ്മിക്കാനുള്ള നടപടി

**അനുബന്ധം D**

**സംസ്ഥാനത്ത് ശാസ്ത്ര-സാങ്കേതിക രംഗത്ത് നൂതന ആശയങ്ങൾക്ക് രൂപം കൊടുക്കുന്നതിനും ഗവേഷണസംവിധാനം ഏർപ്പെടുത്തുന്നതിനും കേരള സംസ്ഥാന ശാസ്ത്ര, സാങ്കേതിക പരിസ്ഥിതി കൗൺസിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ**

1. വനിതാ ശാസ്ത്ര വിഭാഗം: ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ വനിതാ ശാസ്ത്ര വിഭാഗം നടത്തിവരുന്ന "Back to Lab Fellowship" പദ്ധതി പ്രകാരം ശാസ്ത്രരംഗത്ത് നിന്ന് കുടുംബപരമായ കാരണങ്ങളാൽ വിട്ടുനിൽക്കേണ്ടി വന്ന വനിതകൾക്ക് ഗവേഷണത്തിനു വേണ്ടി ഫെലോഷിപ്പ് നൽകി വരുന്നു. പ്രസ്തുത പദ്ധതിയിൽ നൂതനമായതും സാമൂഹിക വികസനത്തിന് ആക്കം കൂട്ടുന്നതുമായ പദ്ധതികൾക്ക് മുൻഗണന നൽകുന്നു.

2. കെ.എസ്.സി.എസ്.ടി.ഇ. എമിററ്റ്സ് സയൻറിസ്റ്റ് സ്കീം : ജോലിയിൽ നിന്നും വിരമിച്ച പ്രഗത്ഭരായ കേരളീയ ശാസ്ത്രജ്ഞന്മാർക്ക് തുടർന്നും ഗവേഷണം നടത്തുവാനും അവരുടെ കഴിവുകളെ പുതിയ തലമുറയിലേക്ക് പകർന്നുകൊടുക്കുവാനും ഉതകുന്ന ഒരു പ്രത്യേക സ്കീം.

3. കെ.എസ്.സി.എസ്.ടി.ഇ. പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് സ്കീം: സയൻസ് വിഷയങ്ങളിലോ എഞ്ചിനിയറിംഗിലോ ഗവേഷണ ബിരുദം നേടിയിട്ടുള്ള കേരളീയരായ ഗവേഷകർക്ക് അതാത് വിഷയങ്ങളിൽ തുടർ ഗവേഷണം നടത്തുവാൻ വേണ്ടിയുള്ള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്

4. സ്റ്റുഡൻറ് പ്രോജക്ട് : ബിരുദാനന്തര സയൻസ് കോഴ്സുകളിലും പ്രൊഫഷണൽ കോഴ്സുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൂതനവും മികച്ചതുമായ പ്രോജക്ടുകൾ ചെയ്യുന്നതിനായുള്ള ധനസഹായം

5. പാർട്ണറിംഗ് അക്കാദമിക് ഇൻഡസ്ട്രിയൽ റിസർച്ച് (PAIR): സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വ്യവസായ സ്ഥാപനങ്ങളുമായി ചേർന്ന് മികച്ച നിലവാരത്തിലുള്ള ഗവേഷണം നടത്തുന്നതിനായി സഹായം നൽകുന്ന പദ്ധതി. ഈ പദ്ധതി പ്രകാരം തിരഞ്ഞെടുത്ത വിദ്യാർത്ഥികൾ വ്യവസായ സ്ഥാപനങ്ങളിലെ പ്രസക്തമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പി.എച്ച്.ഡി/ പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിലൂടെ ശ്രമിക്കുന്നു. ഈ പദ്ധതിയുമായി സഹകരിക്കുന്ന വ്യവസായ സ്ഥാപനങ്ങളാണ് വിദ്യാർഥികൾക്ക് ഫെല്ലോഷിപ്പ് നൽകുന്നത്. ഗവേഷണം നടത്തുന്നതിനുള്ള ധനസഹായം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും നൽകുന്നു.

6. എക്കോളജി ആൻറ് എൻവിറോൺമെന്റ് എഡ്യൂക്കേഷൻ: ശാസ്ത്രജ്ഞർക്കും സാങ്കേതിക വിദഗ്ധർക്കും ശാസ്ത്ര ഗവേഷണത്തിനും കേരളത്തിലെ

പാരിസ്ഥിതിക പ്രശ്നങ്ങളെ പഠന വിധേയമാക്കുന്നതിനും സാമ്പത്തിക സഹായം നൽകി വരുന്നു. പാരിസ്ഥിതിക പ്രാധാന്യമുള്ള വിഷയങ്ങളെ അധികരിച്ച് നടത്തുന്ന പഠന റിപ്പോർട്ടുകൾ അനുബന്ധ സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ഉപയോഗപ്പെടാൻ അവ കൈമാറുന്നു.

7. ജലവിഭവ വികസന വിനിയോഗം, ജല ഗുണനിലവാരം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ പഠന ഗവേഷണ പ്രൊജെക്ടുകൾ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ ഏറ്റെടുത്തു നടത്തുകയും കാലാകാലങ്ങളിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നു. കേരളത്തിലെ പ്രധാനപ്പെട്ട വാട്ടർ ബോഡീസ് സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ അവിടുത്തെ പ്രശ്നങ്ങളും സാധ്യതകളും പഠിച്ച് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നു.